**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2209** **06-07-2022 - ൽ മറുപടിയ്ക്ക്**

**മാരകരോഗങ്ങൾ ബാധിച്ച് ചികിത്സയിലുള്ളവർക്ക് മുൻഗണന റേഷൻകാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മാരകരോഗങ്ങൾ ബാധിച്ച് ചികിത്സയിലുള്ളവർ ഉൾപ്പെടുന്ന റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിലേയ്ക്കുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരാത്ത കുടുംബങ്ങളിലെ ഏതെങ്കിലും ഒരംഗത്തിനോ/ അംഗങ്ങൾക്കോ ഗുരുതര ശാരീരിക അസുഖങ്ങളോ/ അടിയന്തിര ശസ്ത്രക്രിയയോ ആവശ്യമുള്ളതാണെങ്കിൽ ടി കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് വിധേയമായി അർഹതയുള്ള പക്ഷം മുൻഗണനാ വിഭാഗത്തിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരുന്ന കുടുംബങ്ങളിലെ ഏതെങ്കിലും ഒരംഗത്തിനോ/അംഗങ്ങൾക്കോ ഗുരുതര ശാരീരിക അസുഖങ്ങളോ/ അടിയന്തിര ശസ്ത്രക്രിയയോ ആവശ്യമെങ്കിൽ മെറിറ്റ് പരിശോധിച്ച് അർഹതയുള്ള പക്ഷം ടി കുടുംബങ്ങളുടെ റേഷൻ കാർഡുകൾ മുൻഗണനയിലേക്ക് പരിവർത്തനം ചെയ്യാൻ 27/10/2020 സ.ഉ.(സാധാ)നം.319/2020/ ഭ.പൊ.വി.വ പ്രകാരം സിവിൽ സപ്ലൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രോഗം ബാധിച്ചതുമൂലം സാമ്പത്തികമായി തകർന്ന മുൻഗണനേതര വിഭാഗങ്ങൾക്ക് ചികിത്സാ രേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ അനുമതി പ്രകാരം ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിനായി മാത്രം ടി കുടുംബങ്ങളുടെ റേഷൻ കാർഡുകളിൽ "സ്റ്റേറ്റ് പ്രയോറിറ്റി" സീൽ പതിച്ച് നൽകിവരുന്നുണ്ട്. |
| (ബി) | ഇത്തരം റേഷൻകാർഡുകൾ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ